**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3650.    23.06.2014 ൽ മറുപടിയ്ക്ക്.

<u>ടിപ്പർലോറി സമയക്രമീകരണം</u>

| ചോദ്യം<br>ശ്രീമതി. കെ.കെ. ലതിക | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ടിപ്പർ ലോറികൾക്ക് രാവിലെ 8 മുതൽ 10 വരെയും വൈകുന്നേരം 3 മുതൽ 5 വരെയും ഏർപ്പെടുത്തിയിരുന്ന നിരോധനം പുനഃക്രമീകരിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ആയത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ; | (ബി) | പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (സി) | സ്കൂൾ വിദ്യാർത്ഥികളടക്കം നിരവധി പേരുടെ ജീവൻ അപകടത്തിലാക്കുന്ന ടിപ്പർ വാഹനങ്ങൾക്ക് ദിനംപ്രതി ഏർപ്പെടുത്തിയ 4 മണിക്കൂർ നിരോധനം പുനഃക്രമീകരിച്ചതിന്റെ കാരണങ്ങൾ എന്തെന്ന് വ്യക്തമാക്കുമോ ; | (സി) | രാവിലെ 08 മണിമുതൽ 10 മണി വരെയും, വൈകുന്നേരം 03 മണിമുതൽ 05 മണിവരെയും ടിപ്പർ ലോറികളുടെ ഗതാഗതം നിരോധിച്ചുകൊണ്ട് സർക്കാർ പുറപ്പെടുവിച്ച ഉത്തരവ് നിർമ്മാണ മേഖലയെ സാരമായി ബാധിക്കുന്നുവെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതുമൂലമാണ് സമയ പരിധിയിൽ മാറ്റം വരുത്തിയത്. |
| (ഡി) | സ്കൂളുകൾ അവധി കഴിഞ്ഞ് തുറന്ന സാഹചര്യത്തിൽ ടിപ്പർ വാഹനങ്ങൾക്ക് പഴയതുപോലെ 4 മണിക്കൂർ നിരോധനം ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ ? | (ഡി) | ടിപ്പർ ലോറികളിൽ പ്രവർത്തനക്ഷമമായ സ്പീഡ് ഗവർണർ നിർബന്ധമാക്കിക്കൊണ്ടും ടിപ്പർ ലോറികളെ സർവൈലൻസ് ക്യാമറ മുഖാന്തിരം നിരീക്ഷണ വിധേയമാക്കിക്കൊണ്ടും അമിത വേഗതയും അലക്ഷ്യമായ ഡ്രൈവിംഗും മൂലമുള്ള അപകടങ്ങൾ ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 4 മണിക്കൂർ നിരോധനം നിർമ്മാണമേഖലയെ സാരമായി ബാധിക്കുന്നു എന്ന കാര്യം ഇപ്പോഴും പ്രസക്തമാണ്. അതിനാൽ 4 മണിക്കൂർ നിരോധനം പുനഃസ്ഥാപിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**

സെക്ഷൻ ഓഫീസർ.